11. Pharmacist Grade-II (Ayurveda), Indian System of Medicine/ Insurance Medical Service/Ayurveda Colleges.

12. Higher Secondary School Teacher (Jr.) English, NCA Muslim, Higher Secondary Education Department.

13. Live Stock Inspector Grade-II, Animal Husbandry Department.

14. Confidential Assistant Grade-II (Various).

(സി) ഓൺലൈൻ പരീക്ഷ നടത്താൻ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് പരമാവധി പരീക്ഷകൾ ഓൺലൈൻ ആയി നടത്താൻ ശ്രമിക്കുന്നതാണെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

ഹോട്ടൽമുറികളിലെ മദ്യവിൽപ്പന

27 (*27) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മദ്യലൈസൻസ് നഷ്ടപ്പെട്ട ചില ഹോട്ടലുകളിലെ മുറിയിൽ മിനി ബാറുകളാക്കി മാറ്റി, സെക്കൻഡ്സ് മദ്യവിൽപ്പന നടത്തി വരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി സംസ്ഥാനത്തിന് പുറത്തുനിന്ന് സ്പിരിറ്റ് അനധികൃതമായി കൊണ്ടുവരുന്നതായി അറിയാമോ ;

(സി) ഇതിനെതിരെ സർക്കാർതല നടപടികൾ ഒന്നും ഇല്ലാത്തതിനാൽ എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് ഫലപ്രദമായ രീതിയിൽ ഒന്നും ചെയ്യാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മദ്യം വിറ്റഴിക്കുന്നതിന് ഹോട്ടലുകളിലെ മുറികൾ മിനി ബാറുകളാക്കി മാറ്റിയിട്ടും എക്സൈസ് അധികൃതരോ സർക്കാരോ ഇടപെടാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മദ്യലൈസൻസ് നഷ്ടപ്പെട്ട ചില ഹോട്ടലുകളിൽ ബിയർ/വൈൻ പാർലറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി സ്ഥാപനങ്ങളിൽ ഏതെങ്കിലും തരത്തിൽ വീര്യം കൂടിയ മദ്യം വിറ്റഴിക്കുന്നുണ്ടോ എന്നറിയുന്നതിനായി പരിശോധനകൾ നടത്തിവരുന്നുണ്ട്. ടി സ്ഥാപനങ്ങൾ നിയമാനുസരണമല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തിനകത്തേയ്ക്ക് സ്പിരിറ്റ് അനധികൃതമായി കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളിൽ വാഹന പരിശോധന കർശനമാക്കുകയും റെഡ് അലർട്ട് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വാഹന പരിശോധനയും കർശനമാക്കിയിട്ടുണ്ട്. നിയമ വിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവരം ലഭിക്കുന്ന ഉടൻതന്നെ ആവശ്യമായ നടപടി സ്വീകരിക്കുവാൻ സ്ക്വാഡുകൾ, കൺട്രോൾ റൂം എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഹോട്ടൽ മുറികൾ മിനി ബാറുകളായി മാറ്റിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലൈസൻസ് സ്ഥാപനങ്ങളിൽ എക്സൈസ് വകുപ്പ് കർശന പരിശോധനകൾ നടത്തിവരുന്നുണ്ട്. സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി ബാർ ലൈസൻസ് നഷ്ടപ്പെട്ട ചില ഹോട്ടലുകളിൽ ബിയർ/വൈൻ പാർലറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി സ്ഥാപനങ്ങളിൽ ഏതെങ്കിലും തരത്തിൽ വീര്യം കൂടിയ മദ്യം വിറ്റഴിക്കുന്നുണ്ടോ എന്നറിയുന്നതിനായി പരിശോധനകൾ നടത്തി വരുന്നുണ്ട്.

മദ്യാസക്തിക്കെതിരായ ബോധവൽക്കരണം

28 (*28) <u>ശ്രീ. എം. എ. വാഹീദ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ബെന്നി ബെഹനാൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) അവയുടെ സവിശേഷതകളും പ്രവർത്തന രീതികളും വിശദീകരിക്കുമോ ;

(സി) പ്രചാരണ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>):

(എ-സി) മദ്യ-ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്നത്. ലഹരി വിരുദ്ധ സെമിനാർ, ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരി വിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, സ്കൂൾ-കോളേജുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ

LIBRARY ARCHIVES Kerala Legislative Assembly